**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5478** **24-03-2025 - ൽ മറുപടിയ്ക്ക്**

**സി-ഡിറ്റിൽ ഇ-ഓഫീസ് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | സി-ഡിറ്റിൽ ഇ-ഓഫീസ് സംവിധാനം എന്ന് മുതലാണ് നിലവിൽ വന്നത്; | (എ) | 2017 നവംബർ മാസം മുതൽ |
| (ബി) | പ്രസ്തുത ഇ-ഓഫീസ് സേവനത്തിനു സി-ഡിറ്റ് എൻ.ഐ.സി-യ്ക്ക് വാർഷിക പരിപാലന തുക നൽകുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | വാർഷിക പരിപാലന തുക നൽകുന്നില്ല. |
| (സി) | ഇ-ഓഫീസ് സംവിധാനം നിലനിൽക്കെ അതുപയോഗിക്കാതെ 2022 ജനുവരി മുതൽ പേപ്പർ ഫയലുകളിൽ കുറിപ്പുകൾ തയ്യാറാക്കി തീരുമാനങ്ങൾ ആക്കിയിട്ടുള്ള എത്ര ഫയലുകൾ ഉണ്ടെന്നു വിശദമാക്കുമോ; അങ്ങനെയുള്ള ഫയലുകളുടെ കണക്ക് ബന്ധപ്പെട്ട വിഷയം ഉൾപ്പടെ സി-ഡിറ്റിലെ വിവിധ വകുപ്പുകൾ വേർതിരിച്ചു വ്യക്തമാക്കുമോ; | (സി) | നിയമസഭാ ചോദ്യങ്ങൾ, പ്രത്യേക ഫോമില്ലുള്ള സാലറി സർട്ടിഫിക്കറ്റ്, വിവരവാകാശ നിയമപ്രകാരമുള്ള അപേക്ഷകൾ എന്നിവ പേപ്പർ ഫയലുകളിലാണ് കൈകാര്യം ചെയ്യുന്നത്. എന്നാൽ ഫയലുകളുടെ എണ്ണം സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ചു സൂക്ഷിച്ചിട്ടില്ല. |
| (ഡി) | ക്രമക്കേടുകൾ നടത്താനും തുടർന്ന് അതുമായി ബന്ധപ്പെട്ട രേഖകൾ നശിപ്പിക്കാനും സൗകര്യമൊരുക്കുന്ന പേപ്പർ നോട്ട് ഫയൽ സമ്പ്രദായം പൂർണ്ണമായും നിർത്തലാക്കാൻ സി-ഡിറ്റിനു നിർദ്ദേശം കൊടുക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | ഇത്തരത്തിൽ ക്രമക്കേടുകൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ